# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3779 — 15.12.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ വായ്പാ തിരിച്ചടവിന് ഇളവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം കാലാവധി എന്നാണ് പൂർത്തിയായത്; | (എ) | സഹകരണ സംഘങ്ങളിൽ /ബാങ്കുകളിൽ നിന്നും 31.12.2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി. നടപടികൾക്ക് 31.12.2014 വരെ മോറട്ടോറിയം കാലാവധി ഉണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് കാടാശ്വാസ കമ്മീഷൻ വഴി പ്രഖ്യാപിച്ച ഇളവുകൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണമെന്നറിയിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നാളിതുവരെയായി ആറു ഘട്ടങ്ങളിലായി 66,363 പേർക്ക് കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ 48044 പേർക്ക് കടാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്. അർഹത കണ്ടെത്തിയ 18319 പേർക്ക് ഇനി കടാശ്വാസം അനുവദിക്കാനുണ്ട്. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത സഹകരണ മേഖലയിൽ നിന്നുള്ള വായ്പകളിൽ അക്കൗണ്ടുകൾ പരിശോധിച്ച് ആഡിറ്റ് നടത്തി കടാശ്വാസ തുക നൽകുന്നത് സഹകരണ വകുപ്പാണ്. ആഡിറ്റ് നടപടികൾ താമസിച്ചതാണ് തുക അനുവദിക്കുന്ന കാര്യത്തിൽ വന്ന കാലതാമസത്തിനു കാരണം. ദേശസാൽകൃത ബാങ്കുമായി ബന്ധപ്പെട്ട കടങ്ങളിൽ ലിസ്റ്റ് വെരിഫിക്കേഷനായി അതാത് ബാങ്കുകൾക്ക് നൽകിയിരിക്കുകയാണ്. വെരിഫിക്കേഷൻ പൂർത്തിയായാലുടൻ കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | മത്സ്യത്തൊഴിലാളികൾക്ക് വായ്പ തിരിച്ചടവിന് പ്രഖ്യാപിച്ച ഇളവുകൾ അടിയന്തരമായി നൽകുന്നതിനും ജപ്തി നടപടികളിൽ നിന്നും രക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തതും ഓഡിറ്റ് പൂർത്തിയായതുമായ കേസുകളിൽ സർക്കാരിൽ നിന്നും തുക അനുവദിച്ചു നൽകിയിട്ടുണ്ട്. ഓഡിറ്റ് പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള 4,5,6 ലിസ്റ്റുകളിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള മോറട്ടോറിയം ഉത്തരവിന്റെ കാലാവധി 31.12.2014 വരെ ഉണ്ട്. |

സെക്ഷൻ ഓഫീസർ